41. Manakunnam Village Union
42. Mutholy ,,
43. Upputhura ,,
44. Manjapra Village Union
45. Mulakulam ,,
46. Ayikkaranad North ,,
47. Anchirikkal Village Union

There are no rural midwives in the Panchayats noted hereunder.

1. Vadavukode
2. Kaipattoor
3. Desamanglam
4. Vadakkancheri
5. Chowannoor
6. Poyya
7. Chalakudy
8. Pormbara
9. Varandarapilli
10. Pattancherry
11. Erumatty
12. Kozhinjampara
13. Malayattur
14. Mulavukad
15. Narakkal
16. Thiruvilwamala
17. Cheruthuruthy

കൊട്ടങ്ങല്ലൂർ ഭരണി

*൯൪ ൭. (൫൦) സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കൊട്ടങ്ങല്ലൂർ ഭരണിക്കാലത്തു നടന്നുവരുന്ന കോഴിവെട്ടും തെറിപ്പാട്ടും നിറുത്തൽചെയ്യണമെന്ന കൊച്ചി ദേവസ്വം ബോർഡ് അഭിപ്രായപ്പെടുകയുണ്ടായോയെന്ന പറയുവാൻ ദയവുണ്ടാകുമോ;

(ബി) ഈ കാര്യത്തിൽ ഗവണ്മെണ്ടു എന്തൊക്കെ നടപടികൾ നടത്തിയെന്ന പറയാമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ടു്.

(ബി) ഗവണ്മെണ്ടു ഇതിനെപ്പറ്റി ആലോചിച്ചു വരികയാണു്.

സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: ഈ കാര്യത്തിൽ ഗവണ്മെണ്ടു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ആലോചിച്ചു ഉടനെതന്നെ തീരുമാനം ചെയ്യുന്നതാണു്.

സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: കൊച്ചി ദേവസ്വം ബോർഡിൽനിന്നും വല്ല റപ്രസന്റേഷനും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: റപ്രസന്റേഷൻ ഉണ്ടായിരുന്നു.

സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: അതു എത്ര ദിവസമായി?

ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നാലു ദിവസമായി.

ശ്രീ. ഇട്ടൂര അബ്ദുക്കൻ: കോഴിവെട്ടു മതപരമായ ഒരു ചടങ്ങല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. ഇട്ടൂര അബ്ദുക്കൻ: മതപരമായ ചടങ്ങുകളെ തടയുന്നതിനു ഗവണ്മെണ്ടിനു് അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണു്. നിറുത്തിയതിനുശേഷം സുപ്രീംകോടതിയിൽ കേസ്സു ഫയലാക്കാം.

LIBRARY ARCHIVES Kerala Legislative Assembly